# Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

For online Circulation Vol. 1 Issue 4 May 2008

## കള്ളയപ്പൊസ്തലന്മാരെ തിരിച്ചറിയുക

ക്രൈസ്തവ ലോകം കള്ളനാണയങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. സ്വാർത്ഥതാത്പര്യങ്ങൾക്കായും പണത്തിനായും പ്രശസ്തിക്കായും, ഈശോയെയും വചനത്തേയും ഒറ്റിക്കെടുക്കുന്നവരാണ് എവിടെയും. ദ്രവ്യാഗ്രഹം സകലവിധദോഷത്തിനും മൂലകാരണമെന്ന് അപ്പൊസ്തലൻ പറഞ്ഞുവെങ്കിൽ അവിടെത്തന്നെയാണ് ആധുനിക അപ്പൊസ്തലന്മാർ പരാജയപ്പെട്ടിരിക്കുന്നത്. പണത്തോട് ആർത്തികയറിയ ഉപദേശിയെക്കൊണ്ട് എന്ത് നീചകാര്യവും ചെയ്യിക്കുവാൻ പിശാചിന് കഴിയും. അതുകൊണ്ടാണ് പല ആത്മീക താരങ്ങളുടെയും പടം പത്രങ്ങളിൽ കള്ളന്മാരുടെയും പീഡനവീരന്മാരുടെയും കൂടെ അച്ചടിച്ചു വരുന്നത്. പറ്റിയ കൂട്ട് തന്നെ. നാമാണ് കുറ്റക്കാർ, വ്യക്തിപൂജയും വീരാരധനയും ഒന്നുമില്ലാത്തവരാണ് മലയാളികളെന്നും, അതങ്ങ് തമിഴകത്ത് മാത്രമെ നടക്കുവെന്നും പറഞ്ഞകാലം മാറിയിരിക്കുന്നു. ചിന്തിക്കുന്ന സമൂഹമെന്ന് അവകാശപ്പെട്ടിരുന്ന നമുക്ക് വിവേചനശേഷി നഷ്ടപ്പെട്ടിരിക്കുന്നു.

പുതിയനിയമ സഭയുടെ ഉപദേശങ്ങൾ ആദിമ അപ്പൊസ്തല പിതാക്കന്മാരുടെ ലേഖനങ്ങളിലൂടെ പുറത്തു വന്നു കൊണ്ടിരുന്നപ്പോൾ തന്നെ ആ ഉപദേശങ്ങളിൽ നിലനില്ക്കേണ്ടതിന്റെ ആവശ്യഗതയും ദുരുപദേഷ്ടാക്കന്മാരെപ്പറ്റി ശക്തമായ മുന്നറിയിപ്പും നല്കുവാനും അവർ ഉത്സാഹിച്ചു. ഞങ്ങൾ നിങ്ങളൊടറിയിച്ച ഉപദേശത്തിന് വിരുദ്ധമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ ഉപദേശിച്ചാൽ അതിനെ കൈകൊള്ളവാൻ പാടില്ല എന്ന് ശക്തമായ താക്കീത് അവർ സഭയ്ക്ക് കൊടുത്തു. എന്നാൽ ഇന്ന് കാണുന്നത് ആര് എന്ത് പഠിപ്പിച്ചാലും അതിനെ ശോധന ചെയ്യാതെ വിഴുങ്ങുന്ന ജനത്തെയാണ്.

ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തെക്കാൾ വരുമാനവർദ്ധനയാണ് പലർക്കും വേല ചെയ്യുവാനുള്ള പ്രേരകം. സ്വർഗ്ഗത്തിൽ ആളുകൂടുന്നതിലല്ല സഭയിൽ ആളുകൂടുന്നതിലാണ് നേതാക്കന്മാർക്ക് താത്പര്യം. സഭാ ജനങ്ങളെ പ്രതിശീർഷസ്തോത്രകാഴ്ച്ച് കൊണ്ട് ഗുണിച്ച് കിട്ടുന്ന സംഖ്യയാണ് ശുശ്രൂഷ വിജയിച്ചു എന്നതിന്റെ തെളിവ്. സംഖ്യകൂടണമെങ്കിൽ ആള് കൂടണം, വിതച്ചാൽ നൂറ് മടങ്ങായി കൊയ്ത്ത് തരുന്ന ദൈവത്തെക്കുറിച്ച് മാത്രം പ്രസംഗിക്കണം. കള്ളന്റയും പിടിച്ചുപറിക്കാരന്റെയും വേശ്യയുടെയും കൈക്കൂലിക്കാരന്റെയും 'പരിശുദ്ധ' വരുമാനം ശുദ്ധികരിച്ചെടുത്ത് ഉപയൊഗിക്കുവാൻ യാതൊരു മടിയും വേണ്ട. ഇവർക്കെതിരായി പിന്തിരിപ്പൻ പ്രസംഗങ്ങൾ നടത്തരുതെന്ന് മാത്രം. ഇതൊക്കെയാണ് ഇന്നിന്റെ കള്ളയപ്പൊസ്തലന്മാർ നടത്തിക്കൊണ്ടാരിക്കുന്നത്.

കൂട്ടത്തിൽപ്പറയട്ടെ ഇവർക്കെല്ലാം ഏഷ്യയുടെ, അരുണാചലിന്റെ, പഞ്ചാബിന്റെ ഒക്കെ അപ്പൊസ്തലൻ എന്ന് അറിയപ്പെടുവാനാണ് ആഗ്രഹം. അങ്ങനെ കഴിഞ്ഞയിടയ്ക്ക് അരുണാചലിന് രണ്ട് അപ്പൊസ്തലന്മാർ വേണ്ട എന്ന് ഒരു അതിരു തർക്കം ഉണ്ടായി എന്നാണ് കേൾക്കുന്നത്. മുൻപെ മുൻപെ വന്നവർ മുൻപെ അപ്പൊസ്തലന്മാരായപ്പൊൾ ശേഷിച്ചവർ കോട്ടയം, പത്തനംതിട്ട ഇങ്ങനെകഴിഞ്ഞിട്ട് ഓരൊ ഇണ്ടൻത്തുരുത്തിക്കു അപ്പൊസ്തലനെ വാഴിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞയിടയ്ക്ക് ആരെയൊപ്പറ്റി കേട്ടത് സ്നേഹത്തിന്റെ അപ്പൊസ്തലനെന്നാണ്. ഇങ്ങനെ ഓരൊ സത്ഗുണങ്ങൾക്കും അപ്പൊസ്തലന്മാർ തികഞ്ഞുകഴിയുമ്പോഴെങ്കിലും ജനത്തിന് ബുദ്ധിയുദിക്കുമോ?

പറഞ്ഞുവരുന്ന വിഷയത്തിലേക്ക് മടങ്ങിവരാം, വരുമാനം കൂടണമെങ്കിൽ ആളുകൂടണം. അതിനുവേണ്ടി വലിയ കഠിന ഉപദേശങ്ങളൊന്നും വേണ്ടാ എന്നാണ് പുതിയ 'വേദശാസ്ത്രം'. യേശുവിനൊടുള്ള പിശാചിന്റെ വാഗ്ദാനങ്ങളിൽ ഒന്നിതായിരുന്നു, എന്നെ ഒന്ന് വണങ്ങിയാൽ ഈ കാണുന്നതെല്ലാം നിന്റേതാകും ഇത് നേടുവാൻ നീ ക്രൂശെടുക്കേണ്ട ആവശ്യമൊന്നുമില്ല. പിശാചിന്റെ ഈ ബുദ്ധിയുപദേശമാണ് അനേകർക്കും പത്ഥ്യം. പെന്തക്കോസ്തിന്റെ പല ഉപദേശങ്ങളും പിതാക്കന്മാർക്ക് പറ്റിയ മണ്ടത്തരമായി ഇന്ന് പലർക്കും തോന്നാൻ കാരണം അതാണ്. നേക്കുക കഴിഞ്ഞനറ്റാണ്ടിൽ പെന്തക്കോസ്തിന് വിത്ത് പാകിയവർ ലക്ഷ്യമിട്ടത് സ്വർഗ്ഗരാജ്യത്തിലേക്കുള്ള കെയ്ത്തായിരുന്നു അല്ലതെ കീശവീർപ്പിക്കുവാനും പ്രസ്ഥാനം വളർത്തുവാനുമുള്ള ശ്രമമായിരുന്നില്ല. ഇനിയെങ്കിലും നാമത് തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ....കള്ളയപ്പൊസ്തലന്മാരെ നാം തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ.......

## എവിടെ പോയി നമ്മുടെ നല്ല ശമര്യാക്കാർ

ഏപ്രിൽ മാസം 18–ാം തീയതി മുംബൈ പോലിസ് ഛത്തിസ്ഗഢുകാരി ആദിവാസി ക്രിസ്ത്യാനി പെൺകൂട്ടിയെ ചുവന്നതെരുവിൽ നിന്നും രക്ഷിച്ച വാർത്ത ബാക്ക് ടൂ ബൈബിൾ ന്യൂസ് പേജ് റിപ്പോർട്ട് ചെയ്തിരുന്നുവല്ലൊ. കർഷകത്തോഴിലാളികളായ മാതാപിതാക്കളുടെ ഏക മകളും പ്രായ പൂർത്തിയാകാത്തതുമായ പെൺകുട്ടി ഒരു വർഷം മുമ്പ് വീട്ടുജോലിയ്ക്ക് വേണ്ടിയാണ് പട്ടണത്തിലെത്തിയത്. എട്ടു മാസങ്ങൾക്ക് മുമ്പ് ബാന്ദ്രായിലെ ഒരു പ്രാദേശിക പള്ളിയിൽ വെച്ച് പരിചയപ്പെട്ട രണ്ട് ഛത്തിസ്ഗഢ് ക്രിസ്ത്യാനികൾ തന്നെയാണ് പെൺകൂട്ടിയെ 16000 രൂപയ്ക്ക് ചുവന്നതെരുവിലെത്തിച്ചത്.

ഒരു ക്രിസ്ത്യാനി പെൺകൂട്ടി ചുവന്നതെരുവിൽ അകപ്പെട്ടത് തീർച്ചയായും ദുഃഖകരമാണ്. അതിന് കാരണമായത് ക്രിസ്തീയാനികൾ എന്ന് വിളിക്കപ്പെടുന്നവരാണന്നതും അവൾ കുടുക്കപ്പെടുവാൻ ബാന്ദ്രയിലെ ഒരു ക്രിസ്തീയ ദേവാലയമാണ് വേദിയായയതെന്നതും ഭാരത ക്രൈസ്തവ 'മത'ത്തിന്റെ ധാർമ്മിക പരാജയമാണ് കാണിക്കുന്നത്. എന്നാൽ ഈ ആദിവാസി പെൺകുട്ടി വഞ്ചിക്കപ്പെടുവാൻ കാരണമായ ജീവിത സാഹചര്യങ്ങൾ, ഇന്നും വികസനത്തിന്റെ വെളിച്ചം കടന്നു ചെല്ലാത്ത ഭാരതത്തിന്റെ ഉൾഗ്രാമങ്ങളിൽ കഴിയുന്ന പട്ടിണിപ്പാവങ്ങൾ, ഇവയെല്ലാം ലോകസാമ്പത്തിക ശക്തിയായി കുതിച്ചുയരുന്നു എന്ന് അവകാശപ്പെടുന്ന ഇൻഡ്യയുടെ യഥാർത്ഥ മുഖമാണ് വരച്ചുകാട്ടുന്നത്. സർക്കാരിനെ മുഖ്യപ്രതിയാക്കുന്നതിന് മുമ്പ് ബാക്ക് ടൂ ബൈബിൾ ന്യൂസ് പേജിൽ ചോദിച്ച ചോദ്യം ഇവിടെ ആവർത്തിക്കുകയാണ്. എവിടെ പോയി പിന്നൊക്ക ക്രിസ്ത്യാനികളെ ഉദ്ധരിക്കുന്നു എന്ന് അവകാശപ്പെടുന്ന നമ്മുടെ നല്ലശമര്യാക്കാർ?

പാവപ്പെട്ടവന്റെ കണ്ണുനീര് കാട്ടി സ്വദേശത്തു നിന്നും വിദേശത്തു നിന്നും വാരിക്കൂട്ടുന്ന ഫണ്ട് ശരിയായി വിനയോഗിച്ചിരുന്നെങ്കിൽ കുറഞ്ഞപക്ഷം ക്രൈസ്തവ സഹോദരങ്ങൾക്കെങ്കിലും ഒരുനേരത്തെ ഭക്ഷണം ലഭിക്കുമായിരുന്നു. ഈ പണം എവിടെക്കാണ് പോകുന്നത്? അതറയണമെങ്കിൽ ഫണ്ട് പിരിവ് വീരന്മാരുടെ വരവ് ചിലവ് കണക്കുകൾ പരിശോദിക്കണം. തലചായ്ക്കുവാൻ ഇടമില്ലാതിരുന്ന കർത്താവിന്റെ 'വിലയേറിയ' ദസന്മാർപ്പാർക്കുന്ന പഞ്ചനക്ഷത്ര കൊട്ടാരങ്ങളുടെ വിലയറിയണം. കുതിരപ്പുറത്ത കയറുവാൻ അവസരമുണ്ടായിട്ടും കഴുതപ്പുറത്തു കയറിയവന്റെ ശ്രേഷ്ഠദാസന്മാർ സഞ്ചരിക്കുന്ന ആഢംബര കാറുകളുടെ എണ്ണമറിയണം. പണമില്ലാത്തതുകൊണ്ട് മക്കൾ പഠനം നിർത്തിയ കദനകഥകളൊക്കെ പഴങ്കഥ. എത്രലക്ഷം രുപയും കോഴകൊടുത്ത് പിള്ളാരെ പഠിപ്പിക്കുവാനാവശ്യമായ കള്ളപ്പണം ആധുനിക അപ്പോസ്തലന്മാരുടെ കയ്യിലുണ്ട്. വിധാവാഫണ്ടിൽ കൈയിട്ട് വരിയ യൂദാസ് ഇസ്കൊരിയാത്താവിന് അല്പ്പം മനസാക്ഷിക്കുത്തെങ്കിലും ബാക്കിയുണ്ടായിരുന്നു. (അതുകൊണ്ടാണ് അവസാനം അവൻ തൂങ്ങിച്ചത്തത്). എന്നാൽ നമ്മുടെ നല്ലശമര്യാക്കാർക്ക് അതുപോലും ബാക്കിയില്ല.

Back 2 Bible

ദൈവ വചനത്തിലേക്ക്, അത് വിളിച്ചു പറയുന്ന സത്യങ്ങളിലേക്ക്, ഒരു മടങ്ങിപ്പോക്ക്

We cordially welcome your valuable comments and feedback
WEBSITE : http://www.back2bible.com
EMAIL : editor@back2bible.com

For online Circulation Vol. 1 Issue 4 May 2008

## തങ്കുവിനും കൂട്ടർക്കും എന്തുപറ്റി

### എഡിറ്റോറിയൽ

നിയൊപെന്തക്കൊസ്തൽ അല്ലെങ്കിൽ ന്യൂ ജനറേഷൻ പ്രസ്ഥാനങ്ങളെപ്പറ്റി കഴിഞ്ഞലക്കത്തിൽ എഴുതി മഷിയുണങ്ങുന്നതിന് മുൻപ് ഇങ്ങനെയൊരു മുഖക്കുറുപ്പ് വീണ്ടുമെഴുതേണ്ടി വരുമെന്ന് പ്രതീക്ഷിച്ചില്ല. അവയുടെ പോക്ക് ശരിയായ ദിശയിലേക്കല്ല എന്ന് 'ബാക്ക് ടൂ ബൈബിൾ' സങ്കടം പറഞ്ഞുവെങ്കിൽ അത് ശരിയാണെന്നാണ് കേരളത്തിലെ പ്രമുഖ ന്യൂ ജനറേഷൻ സഭയായ സ്വർഗ്ഗീയ വിരുന്നുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള ആരോപണങ്ങൾ വെളിപ്പെടുത്തുന്നത്. തങ്കു ബ്രദറും കൂട്ടരും മാമേന്റെ സുവിശേഷമാണ് പ്രസംഗിക്കുന്നത്, മറ്റൊരു യേശുവിനെയാണ് പ്രസംഗിക്കുന്നത് എന്ന് വിമർശനമുയർന്നപ്പോൾ പെന്തക്കോസ്ത് സഭകളുടെ കാലം കഴിഞ്ഞുവെന്നും അസൂയാലുക്കളാണ് വിമർശിക്കുന്നതെന്നും മറുവാക്ക് പറഞ്ഞവർക്ക് ഉത്തരം മുട്ടിയിരിക്കുന്നു.

എതിരാളികൾ മനപൂർവ്വം കൂടുക്കിയതാണെന്നും സുവിശേഷത്തിനെതിരെ സാത്താന്റെ വെല്ലുവിളിയാണെന്നു പറഞ്ഞ് ഒരു രക്തസാക്ഷി പരിവേഷം ഉണ്ടാക്കിയെടുക്കുവാൻ ശ്രമിക്കാം എന്നാൽ അതുകൊണ്ടൊന്നും തങ്കുവിനെതിരെ ഉയർന്ന സാമ്പത്തിക ക്രമക്കേടുകളുടെ ആരോപണങ്ങൾ ഇല്ലാതായിത്തീരുന്നില്ല. വിരോധിക്ക് തിന്മ പറയുവാൻ അവസരമുണ്ടാക്കി കൊടുത്തിട്ട് പരിതപിച്ചിട്ട് കാര്യമില്ല. എല്ലാ ന്യൂ ജനറേഷൻ സഭകൾക്കും ഇതൊരു മുന്നറയിപ്പാണ്. കൂണുകൾ പോലെ സഭകൾ മുളച്ച് പൊന്തുകയും വാളെടുത്തവനെല്ലാം വെളിച്ചപ്പാട് എന്ന് പറയുന്നതുപോലെ നേതാക്കന്മാർ പെരുക്കുകയും ചെയ്യുമ്പോൾ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കുവാൻ പിശാചിന് ഇനിയും അവസരങ്ങൾ ധാരളമുണ്ടാകും. സുവിശേഷ പ്രവർത്തകർ എല്ലാ മേഖലയിലും സുതാര്യത നിലനിർത്തണം. സാമ്പത്തിക ഇടപാടുകളിൽ ക്രത്യമായ കണക്കുകൾ സൂക്ഷിക്കുകയും വരുമാന നികുതിയും മറ്റും അടയ്ക്കുകയും ചെയ്യണം. രാജ്യത്തിന്റെ നിയമങ്ങൾ അവ നമ്മുടെ വിശ്വാസപ്രമാണങ്ങൾക്ക് എതിരല്ലാത്തതുകൊണ്ട് പാലിക്കുകയും വേണം. സഭകളുമായി ബന്ധപ്പെട്ട് ഏതുതരത്തിൽ വരുന്ന വരുമാനങ്ങളും വ്യക്തികളുടെ സ്വകാര്യസ്വത്തായി മാറാതെ അതത് സഭാസംവിധാനങ്ങളുടെ ഭാഗമാകണം. അല്ലാതുള്ള പ്രവണതകളെ നിരുത്സാഹപ്പെടുത്തേണ്ടത് ജനത്തിന്റെ കടമയാണ്.

മാധ്യമങ്ങൾ ബ്രദർ തങ്കുവിനെയും മറ്റും ചെളിവാരിയെറിഞ്ഞു. കാര്യങ്ങളുടെ നിജസ്ഥിതി ഇനിയും പുറത്തു വരാനിരിക്കുന്നതേയുള്ളു. നെല്ലും പതിരും വേർതിരിയുമ്പോൾ ബ്രദർ തങ്കുവും ഹെവൻലി ഫീസ്റ്റും അവരുടെ നേര് തെളിയിച്ച് പറത്തുവരുമെന്നാണ് 'ബാക്ക് ടൂ ബൈബിൾ' ആശിക്കുന്നത്. 'ബാക്ക് ടൂ ബൈബിൾ' എപ്പോഴും പറയുന്നത് ആവർത്തിക്കട്ടെ ദൈവചനത്തിന്റെ ഉരക്കല്ലിൽ പരാജയപ്പെടുന്ന ഒന്നിന്റെയും പിന്നാലെ പോയി ജനം വഞ്ചിക്കപ്പെടരുത്.

ക്രിസ്തുവിൽ നിങ്ങളുടെ സഹോദരൻ,

പാസ്റ്റർ ഫിന്നി ചാലുങ്കൽ

## ചോദിക്കൂ.....പറയാം.....

ചോദ്യം : കത്തോലിക്ക കരസ്മാറ്റിക്ക് പ്രവർത്തനങ്ങൾ വചനാടിസ്ഥാനത്തിലുള്ളതോ?

ഉത്തരം : കത്തോലിക്കർ എന്നല്ല ആരുടെയിടയിലും ഉണ്ടാകുന്ന ഉണർവ്വും പരിശുദ്ധാത്മപ്രവർത്തനങ്ങളും സന്തോഷകരമാണ്. എന്നാൽ ഇത് പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ തന്നെയാവണം. ദൈവത്തിന്റെ പരിശുദ്ധിത്മാവാണ് നടത്തുന്നതെങ്കിൽ അത് ജനത്തെ സകലസത്യത്തിലേക്കും വഴിനടത്തും. പിന്നെയും അന്ധവിശ്വാസങ്ങളുടെ ഇരുട്ടിൽ തപ്പിതടയുവാൻ അനുവദിക്കുകയില്ല. കരസ്മാറ്റിക്കെന്നും ഉണർവ്വെന്നും പറയുന്നവർ പിന്നെയും വചനവിരുദ്ധ ആചാരനുഷ്ഠാനങ്ങളിൽ കൂടിങ്ങിക്കിടക്കുന്നത് കാണുമ്പോൾ സങ്കടമാണ് തോന്നുന്നത്. കരസ്മാറ്റിക്കിന്റെയുള്ളിൽത്തന്നെ യഥാർത്ഥ സത്യാന്വേഷികളുണ്ട് അവരാണ് കൂട്ടമായും അല്ലാതെയും പുറത്തുവന്ന് ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുന്നത്. എന്തായാലും ഒരു സത്യം പറയാം, ദൈവം ഏറ്റവും വെറുക്കുന്ന പാപമാണ് വിഗ്രഹാരാധന. വിഗ്രഹരാധന ഉള്ളിടത്ത് വേദപുസ്കത്തിലെ യേശുവും പരിശുദ്ധാത്മാവും കൂട്ടുകൂടുകയില്ല.

ചോദ്യം : വലിയ അത്ഭുതങ്ങളും അടയങ്ങളും അവിടെ നടക്കുന്നുണ്ടല്ലോ, പിന്നെ കരസ്മാറ്റിക്കിനെയും പുത്തൻ ഉണർവ്വ് പ്രസ്ഥാനങ്ങളെയും എങ്ങനെ വിമർശിക്കുവാൻ കഴിയും?

ഉത്തരം : ഒരു സ്ഥലത്ത് നടക്കുന്നു എന്ന് അവകാശപ്പെടുന്ന അത്ഭുതങ്ങളും അവിടെ ആള് കൂടുന്നുവെന്നതും അവിടെ ദൈവപ്രവർത്തിയുണ്ടെന്നുള്ളതിന്റെ തെളിവല്ല. ദൈവവചനത്തേ കലർപ്പില്ലാതെ അവിടെ പ്രഘോഷിക്കുന്നുണ്ടോ? അവിടെ കൊടുക്കുന്ന ഉപദേശങ്ങൾ ഒരുവനെ ക്രസ്തുവിൽ തികഞ്ഞവനായി നിർത്തുക എന്ന ലക്ഷ്യത്തോടുള്ളതാണൊ? ഇത്യാഥി ചോദ്യങ്ങൾക്ക് 'അതേ' എന്ന ഉത്തരം ലഭിക്കണം.

ചോദ്യം : കഠിന ഉപദേശങ്ങൾ പ്രസംഗിക്കുമ്പോൾ ആത്മാക്കൾ നഷ്ടപ്പെടുകയില്ലേ? ആത്മഭാരമില്ലാത്തവരല്ലേ ഉപദേശത്തിന്റെ കാഠിന്യവുമായി നടക്കുന്നത്?

ഉത്തരം : രാജാവിനെക്കാൾ വലിയ രാജഭക്തി ആവശ്യമില്ല. എറ്റവും കൂടുതൽ ആത്മഭാരമുള്ളത് ദൈവത്തിന് തന്നെയാണ്. നഷ്ടപ്പെടുന്ന ലേകത്തെ രക്ഷിക്കുവാൻ തന്റെ ഏകജാതനെ നൽകുവാൻ ദൈവം തയ്യാറായി. എന്നാൽ ആ പുത്രൻ വന്നപ്പോൾ അവന്റെ ഉപദേശങ്ങൾ കേട്ടവർ ഇത് കഠിന ഉപദേശമെന്നാണ് പറഞ്ഞത്. ജീവങ്കലേക്കുള്ള വഴി ഇടുങ്ങിയതെന്ന് യേശു പറഞ്ഞുവെങ്കിൽ ഉപദേശങ്ങളിൽ അയവുവരുത്തി വഴിയുടെ വീതികൂട്ടുവാൻ ആരും ശ്രമിക്കണ്ട. തെറ്റായ ഉപദേശങ്ങൾ പഠിപ്പിച്ച് ആയിരങ്ങളെ നരകത്തീയിലേക്ക് നടത്തുന്നതിലും നല്ലത് ശരിയായ ഉപദേശങ്ങൾ പഠിപ്പിച്ച് അല്പ്പത്തേയെങ്കിലും നിത്യതയിലെത്തിക്കുക എന്നതാണ്. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വമാകുമ്പോൾ രക്ഷിക്കപ്പെടുന്നവർക്ക് അത് ദൈവശക്തിയാണ്.

## Remove the Stumbling Blocks!

By Michael L. Brown

It is sad but true: Some of this "Holy Ghost outpouring is coming to the rich and famous-the superstar ministers, the megachurch kingdoms, the carnal-prosperity preachers- without producing radical, lasting change. The emphasis is still on success instead of sacrifice and on exciting signs instead of enduring surrender. there are manifestations and there is merchandising. The old wineskins (or, in some cases pseudo-wineskins) remain the same. That is not revival.

Almighty God wants to send a flood. the Lord of Heaven and earth wants to brings a visitation. He wants to display His glory. He wants to magnify His son! He wants to get for Himself a humble, holy, radical, revived, overcoming, obedient people. We've hardly seen anything yet, and yet we have no guarantee we'll see anything more- unless we remove the stumbling blocks and clear the paths. the carnal show must stop. We need a pure move from heaven.

But this sword cuts both ways. Carnality is not the only problem. Religiosity is just as bad- if not worse. In fact, "religious spirits" have stopped and sidetracked more revivals than have carnal spirits. No sooner does the Lord begin to move in power than some of His "leaders" begin to put on the brakes. The revival is not sophisticated enough for them; it's not to their theological liking; it doesn't fit into their denominational straightjackets; it's not coming where they expected it to come, or when they expected it to come, or how they expected it to come, or through whom they expected it to come; therefore it can't be God.

They are unable to see what the Lord is doing because their perspective is so limited, and they instantly write off the whole thing with a know -it-all judgmental spirit. They throw out the baby- and sometimes it is just a tiny baby-with the bathwater. Yet their churches languish while those whom they criticize are being blessed. How dangerous it to be spiritually stiff! Revival would almost mean resurrection for some of these petrified preachers.

As for the sincere, Spirit-filled leaders react to the early excesses and extremes, God looks at their hearts. And if they are pure in His sight, they will not be left out. They may be offended by the pollution in the first flowing streams, but they will dive in when the holy waves come.

(Taken from 'From Holy Laughter to Holy Fire' By Michael L. Brown' Published by ICN Ministries, Pensacola, We recommend it as a must to read Book)